# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 5114

28-10-2016- ൽ മറുപടിയ്ക്ക്

### ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.കെ. ആൻസലൻ<br>ശ്രീ.ജോൺ ഫെർണാണ്ടസ് | | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട് |
| (ബി) | ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന നൂതന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | 1. സി. എച്ച്. മുഹമ്മദ്കോയ മുസ്ലീം ഗേൾസ് സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപ്പന്റ് പദ്ധതി.<br>2. ന്യൂനപക്ഷ മതവിഭാഗങ്ങളിലെ കുട്ടികൾക്ക് വേണ്ടിയുള്ള സി.എ/ഐ.സി.ഡബ്ല്യു.എ/സി.എസ് സ്കോളർഷിപ്പ്.<br>3. നിർധനരായ ന്യൂനപക്ഷ മതവിഭാഗത്തിലെ വിധവകൾ/വിവാഹബന്ധം വേർപെടുത്തിയവർ എന്നിവർക്കുള്ള ഭവന നിർമ്മാണ പദ്ധതി<br>4. ന്യൂനപക്ഷ മതവിഭാഗങ്ങളിലെ കുട്ടികൾക്കു വേണ്ടിയുള്ള കരിയർ ഗൈഡൻസ് പ്രോഗ്രാം<br>5. ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന, അംഗീകാരമുള്ള പ്രൈവറ്റ് ഐ.റ്റി.ഐ-കളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള ഫീ-റീഇംബേഴ്സ്മെന്റ് സ്കീം.<br>6. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ളവിതരണ പദ്ധതി<br>7. കേന്ദ്ര സർക്കാരിന്റെ ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി)യിൽ വിദ്യാഭ്യാസ ആരോഗ്യ കുടിവെള്ള പദ്ധതി.<br>ടി പദ്ധതികൾക്ക് പുറമെ 2016-17 സാമ്പത്തിക വർഷത്തിൽ വകുപ്പ് ന്യൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് അവാർഡ് എന്ന പദ്ധതി കൂടി നടപ്പിലാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതികൾ പ്രകാരം വീടുകൾ ലഭിയ്ക്കുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; ഇതിനായി അപേക്ഷ നൽകേണ്ടത് എവിടെയാണെന്നും, അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ; | (സി) | ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട എന്നീ സ്ത്രീകൾക്കുള്ള ഭവന നിർമ്മാണ പദ്ധതിയാണ് വകുപ്പ് നടപ്പിലാക്കി വരുന്നത്. ഇതിനായി താഴെപറയുന്ന മാനദണ്ഡങ്ങളാണ് പാലിച്ചു വരുന്നത്.<br>• അപേക്ഷക ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഭർത്താവ് ഉപേക്ഷിച്ച വിഭാഗങ്ങളിൽപ്പെട്ടവരായിരിക്കണം .<br>• സ്വന്തം പേരിൽ കരം ഒടുക്കുന്ന ഏറ്റവും കുറഞ്ഞത് രണ്ട് സെന്റ് ഭൂമിയെങ്കിലും ഉണ്ടായിരിക്കണം.<br>• അപേക്ഷക സർക്കാരിന്റെയോ സർക്കാർ ഏജൻസികളുടേയോ ഭവന ധന സഹായ പദ്ധതികളൊന്നും മുൻപ് നേടിയിട്ടുണ്ടാവരുത്.<br>• അപേക്ഷക കുടുംബത്തിന്റെ ഏകവരുമാനദായകയായിരിക്കണം.<br>• സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ സ്ഥിരവരുമാനമുള്ള ജോലിയുള്ള ആൺമക്കളുള്ള/മേൽപറഞ്ഞ വിഭാഗത്തിൽപ്പെട്ടവർക്ക് അർഹതയുണ്ടായിരിക്കില്ല.<br>• അപേക്ഷക ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ആളായിരിക്കണം.<br>**താഴെപറയുന്ന വിഭാഗങ്ങളിൽപ്പെട്ടവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.**<br>• അപേക്ഷകയോ, അപേക്ഷകയുടെ മക്കളോ മാനസിക -ശാരീരിക വെല്ലുവിളി നേരിടുന്നവരാണെങ്കിൽ<br>• അപേക്ഷകയ്ക്ക് മൈനറായ മക്കളു ണ്ടെങ്കിൽ<br>• അപേക്ഷകയ്ക്ക് പെൺകുട്ടികൾ മാത്രമാണെങ്കിൽ<br>• അപേക്ഷക 40-55 പ്രായത്തിനിടയിലുള്ളവരെങ്കിൽ<br>• അപേക്ഷക ക്യാൻസർ, കിഡ്നി പ്രശ്നം, ലിവർ സിറോസിസ്, തളർവാതം തുടങ്ങിയ അസുഖങ്ങളുള്ളവരാണെങ്കിൽ<br>• അപേക്ഷകയുടെ മക്കൾക്ക് ടി പ്രകാരമുള്ള അസുഖങ്ങളുള്ളവരാണെങ്കിൽ<br>പൂരിപ്പിച്ച അപേക്ഷ അനുബന്ധ രേഖകൾ സഹിതം അതാത് ജില്ലാ കളക്ടറേറ്റിലെ ന്യൂനപക്ഷ ക്ഷേമ സെക്ഷനിൽ നേരിട്ടോ, ഡെപ്യൂട്ടി കളക്ടർ (ജനറൽ), ജില്ലാ ന്യൂനപക്ഷക്ഷേമ സെക്ഷൻ, ജില്ലാ കളക്ടറേറ്റ് എന്ന വിലാസത്തിൽ അതാത് ജില്ലാ കളക്ടറേറ്റിലേക്ക് തപാൽ മുഖാന്തിരവും അപേക്ഷിക്കാം.<br><u>അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ താഴെപറയുന്നവയാണ്.</u><br>1. റേഷൻ കാർഡിന്റെ പകർപ്പ്<br>2. 2016-17 സാമ്പത്തിക വർഷത്തിൽ സ്വന്തം പേരിലുള്ള വസ്തുവിന്റെ കരം ഒടുക്കിയ രസീതിന്റെ പകർപ്പ്<br>3. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ച സ്ഥിര താമസ സർട്ടിഫിക്കറ്റ്<br>4. വിധവയാണെങ്കിൽ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പ്<br>5. വിവാഹ മോചിതയാണെങ്കിൽ ആയത് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ്<br>6. ഉപേക്ഷിക്കപ്പെട്ടവരാണെങ്കിൽ ആയത് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ്<br>7. അപേക്ഷകയ്ക്കോ /അവരുടെ മക്കൾക്കോ മാനസിക -ശാരീരിക വെല്ലുവിളികൾ/മറ്റ് അസുഖങ്ങൾ ഉ ണ്ടെങ്കിൽ ആയത് തെളിയിക്കുന്ന രേഖകളുടെ പകർപ്പ്<br>8. മറ്റ് വകുപ്പുകളിൽ നിന്നോ സമാന ഏജൻസികളിൽ നിന്നോ അപേക്ഷകയ്ക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.<br>9. റേഷൻകാർഡിലെ പേരും അപേക്ഷയിലെ പേരും തമ്മിൽ വ്യത്യാസമുണ്ടെങ്കിൽ, രണ്ടും ഒന്നാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്. |

| | | | |
|---|---|---|---|
| (ഡി) | ഏതൊക്കെ ന്യൂനപക്ഷ വിഭാഗങ്ങൾക്കാണ് ഇതിൻപ്രകാരം വീട് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, പാഴ്സി, ജൈനർ എന്നീ ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്നവർക്കാണ് ഭവന നിർമ്മാണ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. |
| (ഇ) | ഇതിനായി അപേക്ഷ നൽകേണ്ട അവസാന തീയതി എന്നാണെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതി പ്രകാരം ഒരു വീടിന് എത്ര രൂപയാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഇ) | 2016 ഒക്ടോബർ 31 വരെയാണ് ഭവന നിർമ്മാണ പദ്ധതിക്കായി അപേക്ഷ സമർപ്പിക്കേണ്ടത്. പ്രസതുത പദ്ധതിക്ക് 2.5 ലക്ഷം രൂപയാണ് ധനസഹായമായി നൽകുന്നത്. |

സെക്ഷൻ ഓഫീസർ.